# സമാധാനത്തിനു വേണ്ടി യുദ്ധം ചെയ്ത നബി

അശ്‌റഫ് കീഴുപറമ്പ്

> **വിമോചനത്തിന്റെ വഴി പറഞ്ഞുകൊടുക്കുന്ന ദൈവപ്രവാചകനായും സത്യത്തിന്റെയും നീതിയുടെയും സന്ദേശം പഠിപ്പിച്ചുകൊടുക്കുന്ന അധ്യാപകനായുമാണ് യഥാർഥത്തിൽ അദ്ദേഹത്തിന്റെ നിയോഗമുണ്ടായത്. യുദ്ധപ്രഖ്യാപനം നടത്തുകയെന്നത് ഒരിക്കലും ആ നിയോഗത്തിന്റെ ഭാഗമായിരുന്നില്ല. പക്ഷേ, ശത്രുക്കളുടെ ആക്രമണോത്സുകമായ നയം കാരണം യുദ്ധത്തിലേക്ക് വലിച്ചിഴക്കപ്പെട്ട പ്രവാചകൻ, യുദ്ധഭൂമിയിൽ അസാധാരണമായ യുദ്ധപാടവമാണ് പ്രകടിപ്പിച്ചത്.**

**മുഹമ്മദ്** നബിയെ ഒരു പടനായകനെന്ന നിലക്ക് പരിചയപ്പെടുത്തുമ്പോൾ, യുദ്ധത്തെക്കുറിച്ചും സമാധാനത്തെക്കുറിച്ചും അദ്ദേഹം വിശ്വസിക്കുകയും പ്രയോഗത്തിൽ വരുത്താൻ ശ്രമിക്കുകയും ചെയ്ത ഇസ്‌ലാമിക തത്വസംഹിതകൾ എന്ത് പറയുന്നു എന്ന പരിശോധന ഉചിതമാണ്. ഇസ്‌ലാമിന്റെ അടിസ്ഥാന സങ്കൽപം സമാധാനത്തെക്കുറിച്ചുള്ളതാണ്. യുദ്ധം ഒരു അനിവാര്യതയായി വന്നു ചേരുകയാണ്. അപ്പോൾ യുദ്ധനിയമങ്ങൾ പ്രതിപാദിക്കേണ്ടി വരുന്നു. സത്യത്തിലേക്ക് തുറക്കുന്ന ഋജുവായ പാത ജനസമക്ഷം സമർപ്പിക്കുകയാണ് ഇസ്‌ലാമിക ദൗത്യത്തിന്റെ കാതൽ. മനുഷ്യന്റെ സർഗപരവും നൈസർഗികവും ധൈഷണികവുമായ കഴിവുകൾ പൂർണ വികാസം കൈവരിക്കുകയും അവന്റെ ആത്മീയവും ധാർമികവും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ ആ ദൗത്യനിർവഹണം സാധ്യമാവുകയുള്ളൂ. അതിന് സമാധാനം നിലനിന്നേ മതിയാവൂ.

ഇസ്‌ലാം എന്ന അറബി ശബ്ദത്തിന് സമാധാനം എന്ന അർഥമുണ്ട്. മനുഷ്യ മനസ്സിലും അവൻ ജീവിക്കുന്ന സമൂഹത്തിലും സമാധാനവും സ്വസ്ഥതയുമുണ്ടാവണമെങ്കിൽ ദൈവം നിർദേശിക്കുന്ന വഴി പിന്തുടരണമെന്നാണ് ഇസ്‌ലാം പ്രഖ്യാപിക്കുന്നത്. ആ പ്രഖ്യാപനം നിർബന്ധബാധ്യതയായി മനുഷ്യന്റെ മേൽ കെട്ടിയേൽപ്പിക്കുന്നില്ല. അവനത് സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാം. തെരഞ്ഞെടുപ്പിനുള്ള പൂർണ സ്വാതന്ത്ര്യം അവന് നൽകിയിരിക്കുന്നു. മനുഷ്യനെ ബലംപ്രയോഗിച്ച് സത്യമതത്തിലേക്ക് കൊണ്ടുവരേണ്ട ചുമതലയൊന്നും നിങ്ങൾക്കില്ല എന്ന് അല്ലാഹു പ്രവാചകന്മാരെ ഉണർത്തുന്നത് ഖുർആനിൽ പലയിടത്തും നമുക്ക് കാണാൻ കഴിയുന്നു. ബലപ്രയോഗമില്ലെങ്കിൽ പിന്നെ സംഘട്ടനത്തിന്റെയോ ഹിംസയുടെയോ പ്രശ്നം ഉത്ഭവിക്കുന്നില്ല. പ്രവാചകൻ തിരുമേനി ഹജ്ജത്തുൽ വിദാഇൽ ചെയ്ത മനുഷ്യാവകാശ പ്രഖ്യാപനം ഇതോടൊന്നിച്ച് ചേർത്തു വായിച്ചാൽ, മനുഷ്യ ജീവന് ഇസ്‌ലാമിനോളം പരിപാവനത കൽപിച്ച മറ്റൊരു ജീവിതദർശനവും ലോകത്ത് ഉണ്ടായിട്ടില്ല എന്ന് സമ്മതിക്കേണ്ടിവരും.

പിന്നെയെന്തുകൊണ്ട് പ്രവാചകന് യുദ്ധം ചെയ്യേണ്ടിവന്നു എന്നതാണല്ലോ അവശേഷിക്കുന്ന ചോദ്യം. ശത്രുക്കളുടെ പീഡനവും പരിഹാസവും ഏറ്റുവാങ്ങി ഇസ്‌ലാമിക പ്രബോധനം നടത്തിക്കൊണ്ടിരുന്ന ഒരു പ്രബോധകൻ മാത്രമായിരുന്നു മക്കാ കാലഘട്ടത്തിലെ പ്രവാചകൻ തിരുമേനി. മർദനങ്ങൾ നാൾക്കുനാൾ വർധിച്ചപ്പോഴും അദ്ദേഹം തിരിച്ചടിക്കാൻ തുനിഞ്ഞില്ല. അക്രമംകൊണ്ട് പൊറുതി മുട്ടിയ അനുയായികൾ ആവലാതി പറഞ്ഞപ്പോൾ 'ക്ഷമയവലംബിക്കുകയും വിശ്വാസം ദൃഢീകരിക്കുകയും ചെയ്യുക' എന്നായിരുന്നു അവിടുന്നു നൽകിയ ഉപദേശം. 'ഹിജ്റ'ക്കുശേഷം മുസ്‌ലിംകൾ മർദിതരും ഖുറൈശികൾ മർദകരുമാണെന്ന അവസ്ഥക്ക് കാര്യമായ മാറ്റം വന്നു. മദീന ഒരു ഇസ്‌ലാമിക രാഷ്ട്രമായും മുസ്‌ലിംകൾ ഒരു സംഘടിതശക്തിയായും വളർന്നുവന്നു. മദീനയുടെ അതിർത്തികളിൽ നബി തിരുമേനി ശക്തമായ സായുധ പ്രതിരോധ നിരകൾ ഉയർത്തി.

സ്ഥാപിതതാൽപര്യക്കാരും അഹങ്കാരികളുമായ മക്കയിലെ ഖുറൈശികൾക്ക് മദീനയിൽ ഒരു പുതിയ ശക്തി ഉദിച്ചുയരുന്നത് കണ്ടുനിൽക്കാൻ കഴിയുമായിരുന്നില്ല. മദീനയിലെ ജൂതന്മാരുമായി ഉപജാപങ്ങൾ നടത്തിയും രഹസ്യധാരണകളിലേർപ്പെട്ടും അവർ ഇസ്‌ലാമിക രാഷ്ട്രത്തെ അട്ടിമറിക്കാൻ കൊണ്ട്പിടിച്ച് ശ്രമിച്ചു. തങ്ങളുടെ നില

നിൽപിനെ അപകടപ്പെടുത്തുന്ന നീക്കങ്ങൾ ആരുടെ ഭാഗത്തുനിന്നായാലും മുസ്‌ലിംകൾക്കത് ചെറുക്കേണ്ടതുണ്ടായിരുന്നു. ഇവിടെയാണ് സംഘട്ടനം അനിവാര്യതയായി ഭവിക്കുന്നത്. നെപ്പോളിയനും അലക്സാണ്ടറും ഹിറ്റ്ലറും ചെയ്തപോലെ ഭൂമിയും അധികാരവും പിടിച്ചടക്കാനല്ല ഇവിടെ സമരം നടക്കുന്നത്. മറിച്ച്, മുസ്‌ലിം സമൂഹത്തെയും ഇസ്‌ലാമിക ആദർശത്തെയും സംരക്ഷിക്കാനും ശത്രുവിന്റെ സൈനിക ബലംതകർക്കാനുമാണ്. സത്യത്തിന്റെ ശക്തിയും പൈശാചിക മനോഭാവം വെച്ചുപുലർത്തുന്ന സകലമാന ശക്തികളും തമ്മിലാണ് അവിടെ സംഘട്ടനം നടക്കുന്നത്. നീക്കു പോക്കുകളിലൂടെ സംഘട്ടനം ഒത്തുതീർപ്പിലെത്തുക സാധ്യമല്ല. മർദനത്തിന്റെയും ചൂഷണത്തിന്റെയും ശക്തികളെ ഉന്മൂലനം ചെയ്യുക എന്ന മഹത്തായ ധർമമാണ് ഈ സംഘട്ടനത്തിലൂടെ ഇസ്‌ലാമിക ശക്തി നിറവേറ്റുന്നത്. ആ പൈശാചിക ശക്തികളെ വളരാനനുവദിച്ചാൽ സമൂഹത്തിൽ നിലനിൽക്കുന്ന ധാർമിക സദാചാര മൂല്യങ്ങളെയും ദൈവബോധത്തെയും അത് നശിപ്പിച്ചുകളയുമെന്നത് തീർച്ചയാണ്. അതിനാലാണ് ഇസ്‌ലാമിക ശക്തിയുടെ ഈ മുന്നേറ്റം 'വിശുദ്ധസമര'(ജിഹാദ്)മായി മാറുന്നത്.

ദൗർഭാഗ്യവശാൽ ജിഹാദെന്ന് കേൾക്കുമ്പോൾ രൗദ്രഭാവവും ഭീകരരൂപവുമുള്ള എന്തോ ഒന്നാണ് നമ്മുടെ ചരിത്രകാരന്മാരുടെ മനസ്സിൽ ഓടിയെത്തുന്നത്. ഈ തെറ്റുധാരണ വളർത്തുന്നതിൽ മുസ്‌ലിം ചരിത്രകാരന്മാരുടെ രചനാരീതികളും കാരണമായിട്ടുണ്ടെന്ന് മനസ്സിലാവുന്നു. നബിതിരുമേനിയുടെ ജീവിതകാലത്തുണ്ടായ സംഘട്ടനങ്ങളെ മുസ്‌ലിം ചരിത്രകാരന്മാർ രണ്ടായി ഇനം തിരിക്കുന്നത് കാണാം. 'ഗസ്‌വ' എന്നും 'സരിയ്യ' എന്നും. നബിതിരുമേനി നേരിട്ട് നേതൃത്വം നൽകിയ പടയോട്ടത്തിന് 'ഗസ്‌വ' എന്നും അല്ലാത്തവക്ക് 'സരിയ്യ' എന്നും പറയുന്നു. തന്ത്രപ്രധാനമായ സ്ഥലങ്ങൾ മനസ്സിലാക്കാനും അതിർത്തികളിൽ പട്രോളിംഗ് നടത്താനും സഖ്യകക്ഷികളുമായി സംഭാഷണങ്ങൾ നടത്താനും ചെറിയ ചെറിയ സംഘങ്ങളെ നബി(സ) അയക്കുക പതിവായിരുന്നു. യുദ്ധത്തിന് വേണ്ടിയല്ല ഈ വിഭാഗങ്ങളെ അയച്ചിരുന്നത്. പക്ഷേ, നമ്മുടെ ചരിത്രഗ്രന്ഥങ്ങളിൽ, യുദ്ധകാര്യങ്ങൾ ചർച്ച ചെയ്യുന്നിടത്താണ് തന്ത്രപ്രധാനമായ ഇത്തരം നീക്കങ്ങളെ വകകൊള്ളിച്ചിരിക്കുന്നത്. ഇതൊക്കെ രക്തരൂഷിത സംഘട്ടനങ്ങളായിരുന്നുവെന്നാണ് ചരിത്രകൃതി വായിക്കുന്നവർ മനസ്സിലാക്കുക. യഥാർഥത്തിൽ നബിയുടെ കാലത്ത് നടന്ന യുദ്ധങ്ങളിൽ ബദ്ർ, ഉഹുദ്, അഹ്സാബ്, ഖൈബർ, ഹുനൈൻ തുടങ്ങിയ ഏതാനും യുദ്ധങ്ങളിൽ മാത്രമേ രക്തച്ചൊരിച്ചിൽ നടന്നിട്ടുള്ളൂ.

നബി അയച്ച യുദ്ധങ്ങൾ മനുഷ്യനെതിരെയല്ല, ദുഷിച്ച വ്യവസ്ഥിതിക്കെതിരെയാണ് എന്ന് സൂചിപ്പിച്ചുവല്ലോ. അതുകൊണ്ടു തന്നെ രക്തച്ചൊരിച്ചിൽ അനിവാര്യമായ ഘട്ടത്തിൽ മാത്രമേ സംഭവിക്കുന്നുള്ളൂ. ഏറ്റവും കുറഞ്ഞ നരഹത്യകൊണ്ട് പരമാവധി വിപ്ലവം സാധിക്കുക. ഒരു സ്ഥിതിവിവര കണക്കിലൂടെ ഇക്കാര്യം വ്യക്തമാകും. നബിയുടെ കാലത്തുണ്ടായ ആകെ യുദ്ധങ്ങളിൽ മൊത്തം മരിച്ചവർ മുസ്‌ലിംകളിൽനിന്ന് 255-ഉം ശത്രുക്കളിൽനിന്ന് 759-ഉം ആണ്. ഇസ്‌ലാമിന് എതിരെയുള്ള മുഴുവൻ നീക്കങ്ങളെയും പരാജയപ്പെടുത്താൻ ഇത്രയും കുറഞ്ഞ മനുഷ്യരെ മാത്രമേ ബലികൊടുക്കേണ്ടി വന്നുള്ളൂ. മുസ്‌ലിം സേന പിടിച്ച ആകെ തടവുകാരുടെ എണ്ണം 6564 ആണ്. ക്രിമിനൽ കുറ്റം തെളിഞ്ഞതിന്റെ പേരിൽ ഇവരിൽ രണ്ട് പേരെ വധിച്ചു. 6347 പേരെ വിട്ടയച്ചു. ബാക്കിയുള്ള 215 പേരെക്കുറിച്ച് ചരിത്രഗ്രന്ഥങ്ങൾ വ്യക്തമായൊന്നും പറയുന്നില്ല. അവർ സ്വമേധയാ ഇസ്‌ലാം സ്വീകരിച്ചിരിക്കാനാണ് സാധ്യത.

ഇത്രയും മനസ്സിൽ ഓർമിച്ചശേഷം ലോകത്ത് നടന്ന മഹാവിപ്ലവങ്ങളുടെയും മഹായുദ്ധങ്ങളുടെയും കഥയൊന്ന് എടുത്തു നോക്കൂ. ഫ്രഞ്ച് വിപ്ലവത്തിൽ 66 ലക്ഷവും റഷ്യൻ വിപ്ലവത്തിൽ ഒരു കോടിയിലധികവും ഒന്നാം ലോകയുദ്ധത്തിൽ 73 ലക്ഷവും രണ്ടാം ലോകമഹായുദ്ധത്തിൽ 106 ലക്ഷവും മരിച്ചുവീണു എന്നാണല്ലോ നമുക്ക് ലഭിച്ച ഒരു ഏകദേശ കണക്ക്. അതുകൊണ്ട് നബി നയിച്ച യുദ്ധങ്ങളെയും ഒരു പടനായകൻ എന്ന നിലക്ക് തിരുമേനി പ്രകടിപ്പിച്ച കഴിവുകളെയും അലക്സാണ്ടറോടോ നെപ്പോളിയനോടോ താരതമ്യപ്പെടുത്തി മനസ്സിലാക്കുന്നത് നമ്മെ ചിലപ്പോൾ തെറ്റായ നിഗമനങ്ങളിലെത്തിക്കും. യുദ്ധത്തെക്കുറിച്ചുള്ള സങ്കൽപത്തിൽ നബിക്കും ഇതര പടനായകന്മാർക്കുമിടയിൽ മൗലികമായ അന്തരം തന്നെയാണുള്ളത്.

അനാഥനായാണ് മുഹമ്മദ് ജനിച്ചത്. കുട്ടിക്കാലത്ത് അദ്ദേഹം ആട്ടിൻപറ്റങ്ങളെ മേച്ച് നടക്കുമായിരുന്നു. യുവത്വത്തിലേക്ക് കാലൂന്നിയപ്പോൾ വ്യാപാരം തന്റെ തൊഴിലായി സ്വീകരിച്ചു. യുദ്ധതന്ത്രമോ ആയോധനകലയോ ജീവിതത്തിലൊരിക്കൽപോലും അദ്ദേഹം അഭ്യസിച്ചിരുന്നില്ല. പ്രവാചകത്വം ലഭിച്ച നാൾ മുതൽ സമാധാനത്തിന്റെ പാതയിലേക്കാണ് അദ്ദേഹം ജനസമൂഹങ്ങളെ ക്ഷണിച്ചത്. അസഹിഷ്ണുക്കളും അഹങ്കാരികളുമായ ശത്രുക്കൾ അദ്ദേഹം അഭയം തേടിച്ചെന്ന മദീനയെ കടന്നാക്രമിക്കാനാണ് ഒരുമ്പെട്ടത്. ആത്മരക്ഷക്കു വേണ്ടി അദ്ദേഹത്തിന് ആയുധമെടുക്കേണ്ടിവന്നു. യുദ്ധം അദ്ദേഹത്തിന്റെ മേൽ കെട്ടിയേൽപിക്കുകയായിരുന്നു. വിമോചനത്തിന്റെ വഴി പറഞ്ഞുകൊടുക്കുന്ന ദൈവപ്രവാചകനായും സത്യത്തിന്റെയും നീതിയുടെയും സന്ദേശം പഠിപ്പിച്ചുകൊടുക്കുന്ന അധ്യാപകനായുമാണ് യഥാർഥത്തിൽ അദ്ദേഹത്തിന്റെ നിയോഗമുണ്ടായത്. യുദ്ധപ്രഖ്യാപനം നടത്തുകയെന്നത് ഒരിക്കലും ആ നിയോഗത്തിന്റെ ഭാഗമായിരുന്നില്ല. പക്ഷേ, ശത്രുക്കളുടെ ആക്രമണോത്സുകമായ നയം കാരണം യുദ്ധത്തിലേക്ക് വലിച്ചിഴക്കപ്പെട്ട പ്രവാചകൻ, യുദ്ധഭൂമിയിൽ അസാ

**സ്വന്തം അണികൾ അടർക്കളം വിട്ടോടിപ്പോയിട്ടും പ്രവാചകൻ അചഞ്ചലനായി പോരാടിയ സാഹസിക സംഭവങ്ങളാണ് ഉഹുദ്, ഹുനൈൻ യുദ്ധങ്ങൾ നമ്മോട് പറയുന്നത്. പേടിച്ചരണ്ടുപോയ സൈന്യങ്ങൾക്ക് ആത്മവിശ്വാസം പകരാനും അവരെ ഒന്നിപ്പിച്ച് ആ യുദ്ധങ്ങളിൽ നിർണായക വിജയം നേടാനും അദ്ദേഹത്തിന് സാധിച്ചു. യുദ്ധം കൊടുമ്പിരിക്കൊള്ളുമ്പോൾ ഞങ്ങൾ പ്രവാചകന്റെ സവിധത്തിൽ അഭയം തേടുമായിരുന്നുവെന്ന് അലി(റ) അനുസ്മരിക്കുന്നു.**

**യുദ്ധസന്നദ്ധരല്ലാത്ത അവസ്ഥയിൽ ഖുറൈശികളെ പിടികൂടണം. അതായിരുന്നു പ്രവാചകന്റെ പദ്ധതി. വിശുദ്ധ നഗരത്തിൽ രക്തം ചിന്തുന്നത് എങ്ങനെയും ഒഴിവാക്കണം. ഒരുനാൾ പതിനായിരം സൈനികർ മക്ക വളയുന്നു കണ്ട് ഖുറൈശികൾ പകച്ചുപോയി. അവരുടെ അവശേഷിച്ച മനോബലവും തകർന്നു. ഖുറൈശികളെ അപമാനിക്കാനോ നശിപ്പിക്കാനോ പ്രവാചകൻ തുനിഞ്ഞില്ല. പൊതുമാപ്പ് നൽകി അവരെ അദ്ദേഹം വിട്ടയച്ചു.**

ധാരണമായ യുദ്ധപാടവമാണ് പ്രകടിപ്പിച്ചത്. മദീനക്കു ചുറ്റും ശത്രുക്കൾ സംഘടിപ്പിച്ച പ്രതിരോധ നിരകൾ പിന്നീടൊരിക്കൽ ഉയിർത്തെഴുന്നേൽക്കാത്തവിധം അദ്ദേഹം ശിഥിലമാക്കി. സൈന്യത്തിന്റെയോ ആയുധത്തിന്റെയോ ബലത്തിലല്ല ഈ വിജയം സാധിച്ചിരിക്കുന്നത്. കാരണം, വാളെടുക്കുന്നതിനു മുമ്പ് ശത്രുക്കൾ രണാങ്കണം വിട്ടോടിപ്പോയ സംഭവങ്ങളുമുണ്ട്. കിട്ടാവുന്നതിൽവെച്ചേറ്റവും നല്ല പടക്കോപ്പുകളും പടയാളികളുമായി വന്നവർ നബിയെ നേരിടാൻ ധൈര്യമില്ലാതെ തിരികെ പോയ സംഭവങ്ങളുണ്ട്. ഈ ചരിത്രവസ്തുതകളെല്ലാം ചേർത്ത് വായിക്കുമ്പോൾ, മുസ്‌ലിംകൾ നേടിയ സൈനിക വിജയങ്ങളുടെയെല്ലാം മൗലിക ശക്തിയായി വർത്തിക്കുന്നത് പ്രവാചകന്റെ യുദ്ധ തന്ത്രജ്ഞതയാണെന്നു കാണാം.

യുദ്ധം ജയിക്കുന്നതെങ്ങനെ എന്ന വിഷയത്തെക്കുറിച്ച് യുദ്ധമേഖലയിൽ പതിറ്റാണ്ടുകളുടെ അനുഭവമുള്ള രാഷ്ട്രതന്ത്രജ്ഞരും ഉദ്യോഗസ്ഥന്മാരും എഴുതിയ പുസ്തകങ്ങൾ ഇന്നു ലഭ്യമാണ്. മനഃശാസ്ത്രപരവും ധാർമികവുമായ ഘടകങ്ങൾ, സൈനിക ശക്തിയുടെ രൂപവും ഏകീകരണവും ചലിക്കേണ്ടുന്ന വിധം, യുദ്ധഭൂമിയെ നിഷ്കൃഷ്ടമായി വിലയിരുത്തൽ തുടങ്ങിയ കാര്യങ്ങൾ പ്രാധാന്യപൂർവം പരിഗണിക്കപ്പെടുമ്പോഴാണ് യുദ്ധം ജയിക്കുകയെന്ന് ക്ലോസ്‌വിസ് അഭിപ്രായപ്പെടുന്നു. യുദ്ധം ചെയ്യാതെത്തന്നെ ശത്രുവിന്റെ പ്രതിരോധം തകർക്കുന്നതാണ് മിടുക്ക്. ശത്രുവിന്റെ പ്ലാൻ തുടക്കത്തിലേ അവതാളത്തിലാക്കാൻ കഴിഞ്ഞാൽ അതിനേക്കാൾ വലിയ യുദ്ധതന്ത്രജ്ഞത വേറെയില്ല. സൈനിക നടപടിയെന്നാൽ ഒരു മലവെള്ളപ്പാച്ചിലാണ്. ഉയരങ്ങളിൽനിന്ന് താഴ്ന്ന പ്രതലങ്ങളിലേക്ക് അത് കുതിച്ചൊഴുകും. ദുർബലമായ ഭാഗങ്ങളെ തട്ടിത്തെറിപ്പിച്ചുകൊണ്ട് പ്രവാഹം അതിന്റേതായ ഒരു വഴി നിർമിക്കും. ദുർബലമായ നിരകൾ മനസ്സിലാക്കി കടന്നുകയറുകയാണ് വിജയം ലക്ഷ്യം വെക്കുന്ന സൈന്യവും ചെയ്യേണ്ടത്. മിന്നൽപിണർപോലെ വേഗതയിൽ നീങ്ങുന്നതാണ് യുദ്ധവിജയത്തിന്റെ നിദാനമായിവർത്തിക്കുന്ന മറ്റൊരു ഘടകം. അപ്രതീക്ഷിതമായ വഴികളിലൂടെ യുദ്ധസന്നദ്ധരായി കഴിഞ്ഞിട്ടില്ലാത്ത അണികളിലേക്ക് പാഞ്ഞു ചെന്ന് ഏറ്റവും ദുർബലമെന്ന് തോന്നിക്കുന്ന സേനാ വിഭാഗങ്ങളുടെ മേൽ ആക്രമണം തുടങ്ങുക. ഇത്രയും വിവരിച്ചത് സുൻസു പറഞ്ഞ യുദ്ധതന്ത്രങ്ങളാണ്. ഈ യുദ്ധതന്ത്രങ്ങൾ സമർഥമായി ഉപയോഗപ്പെടുത്തിയ പടനായകനാണ് പ്രവാചകൻ തിരുമേനി. നബി നയിച്ച യുദ്ധങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തുന്നവർ ഈ നിഗമനത്തിലെത്താതിരിക്കില്ല.

### സമർഥമായ നേതൃത്വം

സൈന്യാധിപന്റെ യുദ്ധപാടവം എത്ര മികച്ചതായിരുന്നാലും സൈനിക ഘടകങ്ങളുടെ പരിപൂർണ സഹകരണത്തിന്റെ അഭാവത്തിൽ അത് നിഷ്ഫലമാണ്. അണികളുടെ ശക്തി ദൗർബല്യങ്ങൾ സൈന്യാധിപന് നിഷ്കൃഷ്ടമായി വിലയിരുത്താൻ കഴിയണം. അതിനനുസരിച്ച് സൈന്യത്തിന്റെ സ്ഥാനവും ചലനങ്ങളും നിജപ്പെടുത്തണം. അത് മാത്രം പോരാ, നിശ്ചയിച്ചുറച്ച സമരതന്ത്രങ്ങൾ പാളിപ്പോവുകയും സൈന്യം അപകടകരമായ ചുറ്റുപാടിൽ അകപ്പെടുകയും ചെയ്താൽ ഒട്ടും പതറാതെ അണികളിൽ ആത്മവിശ്വാസം പകരാൻ സൈന്യാധിപന് കഴിയണം. അങ്ങനെ ശത്രുവലയത്തിൽ പെട്ടുപോയ സൈന്യം സൈന്യാധിപനിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് ഒരു ഫിനിക്സ് പക്ഷിയെപ്പോലെ ഉയിർത്തെഴുന്നേറ്റ് ശത്രുവിന്റെ പ്രതിരോധം തകർക്കുമ്പോൾ നാം ആ സൈന്യാധിപനിൽ ഒരു മിലിട്ടറി ജീനിയസിനെ കണ്ടെത്തുന്നു.

ഈ ഗുണങ്ങൾ ഒത്തുചേർന്ന വിസ്മയാവഹമായ പ്രതിഭയായിരുന്നു നബി തിരുമേനിയുടേത്. സ്വന്തം അണികൾ അടർക്കളം വിട്ടോടിപ്പോയിട്ടും പ്രവാചകൻ അചഞ്ചലനായി പോരാടിയ സാഹസിക സംഭവങ്ങളാണ് ഉഹുദ്, ഹുനൈൻ യുദ്ധങ്ങൾ നമ്മോട് പറയുന്നത്. പേടിച്ചരണ്ടുപോയ സൈന്യങ്ങൾക്ക് ആത്മവിശ്വാസം പകരാനും അവരെ ഒന്നിപ്പിച്ച് ആ യുദ്ധങ്ങളിൽ നിർണായക വിജയം നേടാനും അദ്ദേഹത്തിന് സാധിച്ചു. യുദ്ധം കൊടുമ്പിരിക്കൊള്ളുമ്പോൾ ഞങ്ങൾ പ്രവാചകന്റെ സവിധത്തിൽ അഭയം തേടുമായിരുന്നുവെന്ന് അലി(റ) അനുസ്മരിക്കുന്നു. ഒരു രാത്രി മദീന ആക്രമിക്കപ്പെടുന്നു എന്ന കിംവദന്തി നാടാകെ പരന്നു. ആരവം കേട്ട ഭാഗത്തേക്ക് ഒരു സംഘം മുസ്‌ലിംകൾ ആയുധമേന്തി പാഞ്ഞുചെന്നു. അപ്പോഴുണ്ട് ഒരാൾ 'പേടിക്കാനൊന്നുമില്ല' എന്ന് സുവാർത്ത അറിയിച്ചുകൊണ്ട് ജീനിയിടാത്ത കുതിരപ്പുറത്തേറി വരുന്നു. അത് പ്രവാചകൻ തിരുമേനിയായിരുന്നു. നബി നയിച്ച യുദ്ധങ്ങൾ വായിക്കുന്നവർക്ക് അസാമാന്യമായ ധീരതയുടെ എത്രയോ ഉദാഹരണങ്ങൾ ആ ജീവിതത്തിൽനിന്ന് കണ്ടെത്താനാവും.

ആത്മനിയന്ത്രണം പാലിക്കാൻ പലപ്പോഴും സൈന്യാധിപന്മാർക്ക് സാധിക്കാറില്ല. വിജയം കൈപ്പിടിയിലൊതുങ്ങിയാൽ അവർ ചെയ്യാത്ത ക്രൂരതകളുണ്ടാവില്ല. പ്രവാചകന്റെ സൈനിക ജീവിതം വ്യത്യസ്തമായൊരു ചിത്രമാണ് കാഴ്ചവെക്കുന്നത്. അഹ്സാബ് യുദ്ധത്തിൽ, ശത്രുക്കൾ നാലുവശവും തമ്പടിക്കുകയും സഖ്യത്തിലിരുന്ന ജൂത ഗോത്രങ്ങൾ കരാർലംഘിച്ചിച്ച് ശത്രുപാളയത്തിൽ ചേരുകയും ചെയ്തിട്ടും അവിടുന്ന് നിയന്ത്രണം വിട്ട് ഒരുനീക്കവും നടത്തിയില്ല. ഖുറൈശികളുടെ എല്ലാ ശക്തി സങ്കേതങ്ങളും തകർന്നുകഴിഞ്ഞപ്പോഴാണ് മക്കാവിജയമുണ്ടായത്. തന്നെയും അനുയായികളെയും അതിക്രൂരമായി പീഡിപ്പിച്ച സമൂഹം പരാജിതരായി മുമ്പിൽ നിൽക്കുന്നു. പ്രവാചകന് അവരെ അരിഞ്ഞുനുറുക്കാമായിരുന്നു. പക്ഷേ, അവിടുന്ന് പറഞ്ഞതെന്താണ്?

"പോകൂ! നിങ്ങൾ സ്വതന്ത്രരാണ്." ഈ വിശാല വീക്ഷണവും ആത്മസംയമനവും പടനായകന്മാരുടെ ചരിത്രത്തിൽ തുല്യതയില്ലാത്തതാണ്.

പെരുമാറ്റത്തിൽ അസമത്വവും വിവേചനവും പുലർത്തുന്ന പടനായകന് അണികളുടെ വിശ്വാസമാർജിക്കാനാവില്ല. സമത്വവും നീതിയും എങ്ങനെ പ്രയോഗത്തിൽ വരുത്താം എന്ന് മനുഷ്യസമൂഹത്തെ പഠിപ്പിക്കുകയായിരുന്നു നബിയുടെ ജീവിതം. അഹ്സാബ് യുദ്ധത്തിൽ കിടങ്ങ് കുഴിച്ച സംഭവം ഓർക്കുക. വിശപ്പും ദാഹവും സഹിച്ച് പ്രവാചകൻ അനുയായികളോടൊപ്പം പാറവെട്ടിപ്പൊളിച്ച് കിടങ്ങ് കുഴിച്ചു. അതിനിടെ സൽമാൻ ഫാരിസിയുടെ മുമ്പിൽ ഒരു പാറക്കല്ല് വന്നുപെട്ടു. എത്രവെട്ടിയിട്ടും അതിന് ഏശുന്നില്ല. സൽമാൻ വിഷമിക്കുന്നത് കണ്ട് പ്രവാചകൻ സ്വന്തം മഴുകൊണ്ട് ആ പാറക്കല്ല് വെട്ടിനീക്കി. ഇത്രമാത്രം അണികളോടു ഇഴുകിച്ചേരുകയും അവരുടെ സുഖദുഃഖങ്ങളിൽ പങ്കാളിയാവുകയും ചെയ്ത ഒരു പടനായകനുവേണ്ടി മുസ്‌ലിംകൾ മരിക്കാൻ തയാറായെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. ഒരു മനുഷ്യസ്നേഹി എന്ന നിലക്കും ഒരു പടനായകൻ എന്ന നിലക്കും നബിയുടെ വ്യക്തിത്വം അവരിലുണർത്തിയ വികാരം അത്രക്ക് ശക്തമായിരുന്നു.

യുദ്ധത്തെ ആദർശവൽക്കരിച്ചു എന്നതാണ് പ്രവാചകന്റെ യുദ്ധവിജയങ്ങളുടെ മറ്റൊരു കാരണം. പണത്തിനും പ്രശസ്തിക്കും വേണ്ടി രക്തം ചിന്തിയിരുന്നവർ പ്രവാചകന്റെ നേതൃത്വത്തിൽ ഒരു ആദർശത്തിന്റെ പ്രയോഗവൽക്കരണത്തിന് വേണ്ടി സമരസജ്ജരായി. ആ ആദർശം മാത്രമാണ് സത്യം എന്നവരെ ബോധ്യപ്പെടുത്താനും പ്രവാചകനു സാധിച്ചു. ഇത് മുസ്‌ലിംകളുടെ മനോവീര്യം ഉയർത്താനും ശത്രുക്കളുടെ മനോവീര്യം തളർത്താനും എത്രത്തോളം സഹായകമായി എന്നറിയാൻ ചരിത്രം വിശദമായി പഠിക്കുകയേ നിർവാഹമുള്ളൂ.

അനുസരണവും ഐക്യവും മതശാസനയുടെ ഭാഗമായി ഊന്നിപ്പറഞ്ഞത് സൈനിക വിജയത്തിന് ഏറെ സഹായകമായിരുന്നു. പ്രവാചകനെ അനുസരിക്കുന്നവൻ അല്ലാഹുവിനെയാണ് അനുസരിക്കുന്നതെന്ന് ഖുർആനിലും, ഉണക്കമുന്തിരിപോലെ കറുത്ത് ചുളിഞ്ഞ മുടിയുള്ള എത്യോപ്യൻ അടിമ നേതൃത്വത്തിൽ വന്നാൽ അദ്ദേഹത്തെയും അനുസരിക്കണമെന്ന് ഹദീസിലും വ്യക്തമാക്കപ്പെട്ടത് സുശിക്ഷിതരായ ഒരു സേനാവ്യൂഹത്തെ വാർത്തെടുക്കാൻ കൂടിയാണ്. പരസ്പരം കലഹിക്കരുതെന്നും കലഹിക്കുമ്പോഴാണ് നിങ്ങളുടെ ശക്തി ചോർന്നുപോവുകയെന്നുമുള്ള ഖുർആന്റെ ഉദ്ബോധനം സൈനിക വിജയത്തിൽ വഹിച്ച പങ്ക് നിസ്സാരമല്ല. നബി(സ)യുടെ സമർഥമായ നേതൃത്വത്തിൻകീഴിൽ ഈ ഗുണങ്ങളാർജിച്ച ഒരു സമൂഹമായി മുസ്‌ലിംകൾ വളർന്നുകഴിഞ്ഞിരുന്നു.

## യുദ്ധതന്ത്രം

പ്രവാചകന്റെ യുദ്ധതന്ത്രങ്ങൾ സ്ഥലകാലങ്ങൾക്ക് അനുയോജ്യവും എളുപ്പം നടപ്പിൽ വരുത്താവുന്നതുമാണ്. യുദ്ധത്തിന്റെ ഗതിയിൽ മാറ്റമുണ്ടാകുമ്പോൾ അടവുകൾമാറ്റി പ്രയോഗിക്കുന്നതിൽ സൈന്യത്തിന്റെ ഘടന തടസ്സമായിരുന്നില്ല. നിനച്ചിരിക്കാതെയാണ് ഉഹുദ് യുദ്ധം മുസ്‌ലിംകൾക്ക് പ്രതികൂലമായി മാറിയത്. മലഞ്ചെരുവിൽ നിർത്തിയിരുന്ന അമ്പെയ്ത്തുകാർക്ക് പിണഞ്ഞ അബദ്ധമാണ് കാരണം. പെട്ടെന്നു മുസ്‌ലിംസേന അവരുടെ യഥാസ്ഥാനങ്ങളിൽനിന്ന് നീങ്ങി അടർക്കളത്തിന്റെ മധ്യത്തിൽ ഉരുക്ക് കോട്ടപോലെ ഒരു വലയം തീർത്തു. നബിയെ വധിക്കാൻ ആവുന്നത്ര ശ്രമിച്ചിട്ടും ശത്രുക്കൾ പരാജയപ്പെടുകയാണുണ്ടായത്. ഹുനൈൻ യുദ്ധത്തിൽ മുസ്‌ലിംസേന ചിതറിയോടിയ നിലയിലായിരുന്നു. ഓടിപ്പോയവരെ പുനഃസംഘടിപ്പിക്കുകയും പരാജയം വിജയമാക്കി മാറ്റുകയും ചെയ്ത പ്രവാചകൻ തിരുമേനി ഹുനൈൻ അടർക്കളത്തിൽ അതുല്യ യുദ്ധപാടവമാണ് പ്രദർശിപ്പിച്ചത്.

യുദ്ധതന്ത്രങ്ങളെല്ലാം അതീവ രഹസ്യമാക്കിവെക്കാൻ നബി(സ) പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പടനീക്കങ്ങൾക്ക് ഒരുക്കങ്ങൾ നടത്തുമ്പോൾ നബിയുടെ മനസ്സിലിരിപ്പ് എന്താണെന്ന് അടുത്ത സഹപ്രവർത്തകർക്കു പോലും അറിയുമായിരുന്നില്ല. പിന്നെയെങ്ങനെ ശത്രുക്കൾ അറിയാനാണ്? ബദ്റിൽ നബിയുടെ യഥാർഥ ഉദ്ദേശ്യമെന്തെന്നറിയാതെ ഖുറൈശികൾ ആകെ ആശയക്കുഴപ്പത്തിലായി. കച്ചവടസംഘത്തെ ആക്രമിക്കലാണോ? മക്കയെ ആക്രമിക്കലാണോ? ഖുറൈശിപ്പടയെ നേരിടലാണോ? അവസാനം, മക്കയെയും കച്ചവടസംഘത്തെയും സംരക്ഷിക്കാനായി രണ്ട് വലിയ സൈനിക വ്യൂഹത്തെ അയക്കേണ്ടിവന്നു. അയച്ചുകഴിഞ്ഞപ്പോഴാണ് കച്ചവടസംഘം സുരക്ഷിതമായി മക്കയിലെത്തിയ വിവരമറിയുന്നത്. ഇനിയെന്ത് ചെയ്യും? യുദ്ധം വേണോ വേണ്ടയോ? ഖുറൈശി നേതാക്കൾക്കിടയിൽ അഭിപ്രായഭിന്നതയുണ്ടായി. ഇനിയൊരു യുദ്ധം വേണ്ടെന്ന് ശഠിച്ച് ഖുറൈശികളുടെ സഖ്യഗോത്രങ്ങൾ അവരുടെ നാടുകളിലേക്ക് തിരിച്ചുപോയി. നബിയുടെ യുദ്ധതന്ത്രജ്ഞത മൂലമുണ്ടായ ഈ ആശയക്കുഴപ്പത്തിൽപെട്ട് ഖുറൈശികളുടെ മനോബലം തകർന്നു. അതെല്ലാം അവഗണിച്ചുകൊണ്ട് അവർ യുദ്ധമുന്നണിയിൽ ചെന്ന് നോക്കുമ്പോഴോ? ബദ്ർ താഴ്‌വരയുടെ തന്ത്രപ്രധാനമായ കേന്ദ്രങ്ങളിലെല്ലാം മുസ്‌ലിംസേന തമ്പടിച്ചിരിക്കുന്നു. ഖുറൈശിപ്പടയുടെ കഷ്ടകാലത്തിന് അന്നു രാത്രി ശക്തമായ മഴപെയ്തു. അവർ തമ്പടിച്ചിരുന്ന താഴ്ന്ന പ്രദേശങ്ങളെല്ലാം വെള്ളം കുതിർന്ന് ചളിയായി. ഈ പ്രതികൂലസാഹചര്യം ശരിക്കും മുതലെടുക്കാൻ പ്രവാചകന് സാധിച്ചു. ഖുറൈശിപ്പടയെ ഒന്നാകെ തകർത്തു കളയാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നു. അങ്ങനെ സംഭവിച്ചില്ല. കാരണം ശത്രുവിന്റെ പ്രതിരോധം തകർക്കുക മാത്രമായിരുന്നു മുസ്‌ലിംകളുടെ ഉന്നം. അല്ലാതെ മനുഷ്യരെ കൊന്നൊടുക്കുകയായിരുന്നില്ല.

ഉഹുദ് യുദ്ധത്തിന് പുറപ്പെടുമ്പോഴും പ്രവാചകന്റെ ലക്ഷ്യമെന്താണെന്ന് ആർക്കും അറിഞ്ഞുകൂടായിരുന്നു. രാത്രിയിൽ അതീവ രഹസ്യമായി മുസ്‌ലിംസേന പൊടുന്നനെയുള്ള ഒരു നീക്കത്തിലൂടെ ഉഹുദ്മലയുടെ ഏറ്റവും തന്ത്രപ്രധാനമെന്ന് കരുതപ്പെടുന്ന സ്ഥാനത്ത് താവളമടിച്ചു. ഇങ്ങനെയൊരു നീക്കം ശത്രുക്കൾ തീരെ പ്രതീക്ഷിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ മുൻകൂട്ടി പ്ലാൻ ചെയ്ത അവരുടെ യുദ്ധതന്ത്രങ്ങളൊന്നും ഫലിക്കാതെയായി. അതിനിടെ ഒരുപാട് അബദ്ധങ്ങൾ ശത്രുക്കൾക്ക് പിണയുകയും ചെയ്തു. ഉദാഹരണത്തിന് ഇക്‌രിമത്തുബ്നു അബീജഹ്‌ലിന്റെ പിന്തുണ കൂടാതെയാണ് ഖാലിദുബ്നു വലീദ് ആക്രമണം തുടങ്ങിവെച്ചത്. മുസ്‌ലിം അമ്പെയ്ത്തുകാരുടെ അതിശക്തമായ പ്രത്യാക്രമണം കാരണം ഖാലിദിന് പിന്തിരിയേണ്ടിവന്നു. മറ്റു സേനാവ്യൂഹങ്ങൾക്ക് ഖാലിദിനെ സഹായിക്കാൻ കഴിഞ്ഞില്ല. കാരണം സുബൈറിന്റെ നേതൃത്വത്തിലുള്ള ഒരു മുസ്‌ലിം സായുധ സംഘത്തെ അവർക്കിടയിൽ സമർഥമായി വിന്യസി

ക്കാൻ പ്രവാചകന് സാധിച്ചിരുന്നു. ശത്രുക്കൾക്ക് പിന്മാറുകയല്ലാതെ വേറെ പോംവഴികളൊന്നുമില്ലായിരുന്നു. സ്വയം വരുത്തിവെച്ച പരമാബദ്ധം മൂലമാണ്, ആ യുദ്ധത്തിൽ മുസ്‌ലിംകൾക്ക് തിരിച്ചടികളേറ്റത്. എന്നിട്ടും അന്തിമ വിജയം മുസ്‌ലിംകൾക്ക് തന്നെയായിരുന്നു.

ഖൻദഖ് യുദ്ധത്തിലെ നബിയുടെ തന്ത്രങ്ങൾ ശത്രുപാളയത്തിൽ ഏറെ അങ്കലാപ്പ് സൃഷ്ടിച്ചു. ആൾബലവും ആയുധബലവും പതിന്മടങ്ങുണ്ടായിട്ടും പ്രവാചകന്റെ പ്രതിരോധനിരയെ ഭേദിക്കാൻ ശത്രുക്കൾക്ക് കഴിഞ്ഞില്ല. അതിനിടക്കാണ് ശത്രുപാളയത്തിലെ വിഭിന്ന കക്ഷികൾക്കിടയിൽ മുറുമുറുപ്പ് തുടങ്ങിയത്. അവർ പരസ്പരം പഴിചാരി. ആർക്കും പരസ്പരം വിശ്വാസമില്ലാതെയായി. അനൈക്യപ്രവണത ശക്തിപ്പെട്ടത് കാരണം യോജിച്ച മുന്നേറ്റം അസാധ്യമായി. ചുരുക്കത്തിൽ മഴ പോലെ വന്ന ശത്രുപ്രതിരോധം മഞ്ഞുപോലെ ഉരുകിത്തീർന്നു. അണിയറയിൽനിന്ന് പ്രവാചകൻ നടത്തിയ അതിസമർഥമായ ചില കരുനീക്കങ്ങളാണ് ശത്രുസേനയെ ശിഥിലമാക്കിയത്.

മദീനയിൽനിന്ന് പ്രവാചകനും അനുയായികളും ഉംറ ചെയ്യാൻ മക്കയിൽ വരുന്നുണ്ടെന്ന് ഖുറൈശികൾക്ക് വിവരം കിട്ടി. അവരെ തടയാൻ ഒരു വൻപട തന്നെ മക്കയുടെ അതിർത്തി പ്രദേശത്തേക്ക് പുറപ്പെട്ടു. ശത്രുക്കളുടെ നീക്കം മനസ്സിലാക്കിയ നബി പൊടുന്നനെ യാത്ര മറ്റൊരു വഴിക്ക് തിരിച്ചു വിട്ട് ഹുദൈബിയ എന്ന സ്ഥലത്ത് താവളമടിച്ചു. ശത്രുവിന്റെ കാലാൾപ്പടയും കുതിരപ്പടയും മറ്റേതോ പർവതപ്രദേശങ്ങളിലേക്ക് മുഹമ്മദിനെ തടയാനായി പോയിരിക്കുകയാണ്. ഇപ്പോൾ മക്കയിൽ സൈന്യമില്ല. മുസ്‌ലിംകൾ യുദ്ധോദ്യുക്തരായിരുന്നില്ലെങ്കിലും ഉംറക്ക് അനുവദിക്കപ്പെട്ട വാൾ ഉപയോഗിച്ചു തന്നെ അവർക്ക് മക്ക കീഴടക്കാമായിരുന്നു. ഒരു സാധാരണ പടനായകൻ അതാണ് ചെയ്യുക. പക്ഷേ, പ്രവാചകൻ ഒരു സാധാരണ പടനായകനല്ലായിരുന്നു. പടനായകനെന്നതിലുപരി ദൈവിക സന്ദേശമെത്തിക്കുക എന്നതാണ് അദ്ദേഹത്തിന്റെ മുഖ്യ ചുമതല. ആ കൃത്യനിർവഹണത്തിന് യുദ്ധമല്ല, സമാധാനമാണ് വേണ്ടത്. ഇനിയുമൊരു രക്തച്ചൊരിച്ചിൽ അനുവദിച്ചുകൂടാ. കഴിഞ്ഞ മൂന്നു യുദ്ധങ്ങളിൽ ഖുറൈശികളുടെ സൈനികബലം നന്നെ ശോഷിച്ചിരുന്നിട്ടും ഹുദൈബിയയിൽവെച്ച് അവരുമായി സമാധാന കരാറിലേർപ്പെടാൻ പ്രവാചകൻ തുനിഞ്ഞത് അതുകൊണ്ടായിരുന്നു. ബദറിൽ സൈനികവിജയവും (Military victory) ഉഹുദിലും ഖൻദഖിലും ധാർമിക വിജയവും (Moral victory) ഹുദൈബിയയിൽ ശത്രുപക്ഷത്തിന്റെ മനോവീര്യം കെടുത്തുന്ന വിജയ (Psychological victory)വുമാണ് മുസ്‌ലിംകൾ നേടിയെടുത്തത്. സൈനിക പരാജയംമൂലമുണ്ടാവുന്ന നഷ്ടങ്ങൾ എളുപ്പത്തിൽ പരിഹരിക്കാൻ കഴിയും; സൈനികരുടെ മനോബലം തകർന്നുകഴിഞ്ഞാൽ അവരുടെ ചാലക ശക്തി പുനഃസ്ഥാപിക്കാൻ കഴിയാത്തവിധം നശിച്ചു പോകുമെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു.

ഹുദൈബിയാ സമാധാനസന്ധിയുടെ അനന്തര ഫലമാണ് മക്കാവിജയം. അറേബ്യൻ മത സങ്കൽപങ്ങളുടെയും സംസ്കാരത്തിന്റെയും കേന്ദ്രമായിരുന്നു മക്ക. അതിന്റെ സംരക്ഷകരായിരുന്നു ഖുറൈശികൾ. അതുകൊണ്ടാണ് തന്റെ ചരിത്രപ്രധാനമായ മക്കാ പ്രയാണത്തിൽ പ്രവാചകൻ പതിനായിരത്തോളം സ്വഹാബികളെ അണിചേർത്തത്. ഈ പടപ്പുറപ്പാടിനുള്ള ഒരുക്കങ്ങൾ വളരെ രഹസ്യമായാണ് നടന്നത്. യുദ്ധസന്നദ്ധരല്ലാത്ത അവസ്ഥയിൽ ഖുറൈശികളെ പിടികൂടണം. അതായിരുന്നു പ്രവാചകന്റെ പദ്ധതി. വിശുദ്ധ നഗരത്തിൽ രക്തം ചിന്തുന്നത് എങ്ങനെയും ഒഴിവാക്കണം. ഒരു നാൾ പതിനായിരം സൈനികർ മക്ക വളയുന്നു കണ്ട് ഖുറൈശികൾ പകച്ചുപോയി. അവരുടെ അവശേഷിച്ച മനോബലവും തകർന്നു. ഖുറൈശികളെ അപമാനിക്കാനോ നശിപ്പിക്കാനോ പ്രവാചകൻ തുനിഞ്ഞില്ല. പൊതുമാപ്പ് നൽകി അവരെ അദ്ദേഹം വിട്ടയച്ചു.

ഖൈബറിൽ നബി നടത്തിയ മിന്നലാക്രമണം ജൂത ഗോത്രങ്ങളെ അമ്പരപ്പിച്ചു കളഞ്ഞു. വളരെ രഹസ്യമായാണ് ഇതിനുള്ള പ്ലാൻ തയാറാക്കിയിരുന്നത്. തങ്ങളുടെ കോട്ടകൾ മുഴുവൻ ജൂതന്മാർക്ക് കൈയൊഴിക്കേണ്ടിവന്നു. സഖ്യകക്ഷിയായ ബനൂഗത്ഫാനെ പൂർണമായും ഒറ്റപ്പെടുത്താനും ജൂത സൈനികർക്ക് അവർ സഹായം ചെയ്യുന്നത് തടയാനും പ്രവാചകൻ ആസൂത്രിതമായ നീക്കങ്ങളാണ് നടത്തിയത്. തബൂക്കിൽ, മുൻതന്ത്രങ്ങളിൽനിന്ന് വ്യത്യസ്തമായ ഒരു ശൈലിയാണ് പ്രയോഗിച്ചു നോക്കിയത്. താൻ യുദ്ധം ചെയ്യാൻ വരികയാണെന്ന് പ്രവാചകൻ നേരത്തെ പ്രഖ്യാപിച്ചു. ഇതു വെറും അടവുമാത്രമായിരിക്കുമെന്ന് കരുതി ശത്രുക്കൾ യുദ്ധത്തിനൊന്നും ഒരുക്കങ്ങൾ നടത്തിയില്ല. അസാധാരണമായ വേഗതയിൽ ശത്രുക്കളുടെ പ്രദേശങ്ങളിലേക്ക് കുതിച്ചുചെന്ന മുസ്‌ലിം സൈന്യത്തെ നേരിടാൻ അവർക്ക് കഴിയുമായിരുന്നില്ല. തബൂക് നിവാസികൾക്ക് നബിയുമായി ഒരു സമാധാന കരാറിലേർപ്പെടേണ്ടി വന്നു.

ഒന്നുരണ്ട് ചരിത്ര സംഭവങ്ങൾ ഉയർത്തിപ്പിടിച്ച് നബി ഒരു ക്രൂരനായിരുന്നു എന്നു വരുത്തിത്തീർക്കാൻ ചില ചരിത്രകാരന്മാർ ശ്രമിക്കാറുണ്ട്. അസ്മാഅ് ബിൻത് മർവാൻ എന്ന സ്ത്രീയെ വധിക്കാൻ നബി കൽപന കൊടുത്തു എന്നതാണ് അവയിലൊന്ന്. ഗുരുതരമായ കുറ്റങ്ങൾ ആരോപിക്കപ്പെട്ടതിന്റെ പേരിലാണ് ഈ വധശിക്ഷ നടപ്പിലാക്കിയത് എന്ന സത്യം അവർ സൗകര്യപൂർവം വിസ്മരിക്കുന്നു. യുദ്ധത്തിൽപോലും സ്ത്രീകളെ വധിക്കാൻ പാടില്ല എന്നതാണ് ഇസ്‌ലാമിന്റെ ശാസന. ആത്മരക്ഷക്കുവേണ്ടി മാത്രമേ സ്ത്രീകൾക്കെതിരെ ആയുധമെടുക്കാവൂ.

കഅ്ബുബ്നു അശ്റഫിനെ വധിച്ച സംഭവമാണ് മറ്റൊന്ന്. നബിയുമായി സൗഹൃദത്തിൽ കഴിയാമെന്നു സഖ്യം ചെയ്തയാളാണ് കഅ്ബ്. മുസ്‌ലിംകൾക്കെതിരിൽ ശത്രുവിനെ ഒരു നിലക്കും സഹായിക്കില്ലെന്ന് സഖ്യത്തിൽ വ്യവസ്ഥയുണ്ടായിരുന്നു. ആ വ്യവസ്ഥകളെല്ലാം ലംഘിച്ച് മക്കയിൽ മുസ്‌ലിംകൾക്കെതിരെ വിദ്വേഷം ആളിപ്പടർത്താനുള്ള ശ്രമത്തിലായിരുന്നു കഅ്ബ്. മുസ്‌ലിം സ്ത്രീകളെ അപമാനിക്കുകയെന്നതും അയാളുടെ ഹോബിയായിരുന്നു. കഅ്ബിന്റെ ചരിത്രം വസ്തുനിഷ്ഠമായി പഠിക്കുന്നവർക്ക് അയാൾ വധശിക്ഷ അർഹിച്ചിരുന്നു എന്നു ബോധ്യമാവാതിരിക്കില്ല. ഒന്നും രണ്ടും ലോക മഹായുദ്ധങ്ങളിൽ പരാജിത കക്ഷികൾക്ക് മേൽ അതിനിന്ദ്യമായ വ്യവസ്ഥകൾ അടിച്ചേൽപിച്ച നീതിശാസ്ത്രത്തിന്റെ വക്താക്കളാണ് ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നതെന്നുകൂടി ഓർക്കണം. യുദ്ധത്തിനും ധാർമികത പകർന്നു നൽകിയ നബിയുടെ മാതൃകയെവിടെ? അണുബോംബിന്റെ പുറത്ത് അന്തിയുറങ്ങുന്ന ആധുനിക നാഗരികതയെവിടെ?